മിസ്റ്റർ പി. ടി. ജേക്കബ്ബ്: Intransit ചരക്ക് ഇവിടെ വന്നാൽ കൊച്ചിയിൽ നിന്ന് ഇത്ര ദിവസത്തിനകം കൊണ്ടുപൊയ്ക്കൊള്ളണമെന്ന ഒരു നിയമമുണ്ടെങ്കിൽ, ആ ദിവസം കഴിഞ്ഞാൽ ആ ചരക്ക് ഇവിടെനിന്നു കൊണ്ടുപോകാതെയിരിക്കാനുള്ള ഒരു എളുപ്പമാർഗ്ഗം കിട്ടുകയില്ലേ; അതുകൊണ്ട് അത്തരം ഒരു കല്പന പുറപ്പെടുവിയ്ക്കാൻ കഴിയുമോ?

Rao Sahib A. Madava Prabhu *(Chief Secretary to Government)*: It is not possible to give an answer to these matters at this time. Suppose transport is not available. There are many points to be taken into consideration in adopting a policy of this kind.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൊച്ചിരാജ്യത്തിൽ വിറ്റഴിക്കാനുള്ള ചരക്കുകൾ Intransit എന്ന തന്ത്രമുപയോഗിച്ച് ഇവിടെ കൊണ്ടുവരാറുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അങ്ങിനെ തന്ത്രമുപയോഗിച്ച് ചരക്കുകൾ കൊണ്ടുവന്ന് ഇവിടെ വിറ്റാൽ അതിൽ ഈ ഗവണ്മെണ്ടിനു നഷ്ടമില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഗവണ്മെണ്ടിനു ടാക്സ് കിട്ടുമോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ടാക്സ് കിട്ടും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെ ചരക്കുകൾ കൊച്ചിക്കാർ കൊണ്ടുവന്ന് ഇവിടെ വില്ക്കാവുണ്ടെന്നാണൊ പറയുന്നത്?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഞാൻ അങ്ങിനെ ഒന്നും പറഞ്ഞില്ല. All controls have been removed except in the case of rice, wheat and such other things.

PERSONAL AND SPECIAL ALLOWANCES—PARTICULARS REGARDING

148. മിസ്റ്റർ കെ. എ. രാഘവൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) പെഴ്സനലും പ്രത്യേകവും അലവൻസുകൾ വാങ്ങുന്നവരായി ൧൦൦ ക. യിൽ കവിഞ്ഞ ശമ്പളമുള്ള എത്ര ഉദ്യോഗസ്ഥന്മാരുണ്ട്;

(ബി) അവർ ആരെല്ലാം;

(സി) ഇവർക്ക് ഓരോരുത്തർക്കും നൽകപ്പെടുന്ന അലവൻസുകൾ എത്ര;

(ഡി) എന്താവശ്യങ്ങൾക്ക് എന്നുമുതൽ നൽകിവരുന്നു;

(ഇ) ഈ ഇനത്തിൽ എത്ര സംഖ്യ ഗവണ്മെണ്ടിനു ചിലവുവരുന്നുണ്ട്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: (എ) ൯൦.

(ബി, സി & ഡി) ഈ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെണ്ടുകൾ കൌൺസിൽ മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(ഇ) ക. വ്വ്, ൭൨൫.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കയ്യക്ഷരത്തിലുള്ള ഈ ഉത്തരം തയ്യാറാക്കിയപ്പോൾ അതിന്റെ പകർപ്പെടുത്ത ആൾക്ക് എന്തെങ്കിലും Instructions കൊടുത്തിരുന്നുവൊ? Because I find a very, very badly prepared statement, perhaps with the idea of obstructing supplementaries.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഇൻസ്ട്രക്ഷൻസൊന്നും കൊടുത്തിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ കടലാസ്സ് പ്രിപ്പയർ ചെയ്ത ആൾക്ക് അതു ഇന്നതരത്തിൽ പ്രിപ്പയർ ചെയ്യണമെന്ന വല്ല ഡയറക്ഷനും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അതിന്റെ നേർപകർപ്പ് എടുത്തതാണിത്. മറ്റുവല്ല ഇൻസ്ട്രക്ഷൻസും കൊടുക്കുന്നതിനു് ആവശ്യമില്ലായിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇവിടെ തൊണ്ണൂറ് ഉദ്യോഗസ്ഥന്മാർക്ക് അലവൻസുകൾ കൊടുക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ട്. ഈ സ്റ്റേറ്റുമെൻറിൽ ൭൫ ആളുകളുടെ കാര്യമേ കാണാനുള്ളൂ. ഈ ചോദ്യം ചോദിച്ചിരിക്കുന്നതിന്റെ ആവശ്യം അലവൻസുകൾ മേടിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരു്, ഉദ്യോഗപ്പേരു്, സംഖ്യ, അതു കൊടുക്കുന്നതിന്റെ ആവശ്യം എന്നീ സംഗതികൾ അറിയുന്നതിനാണു്. എന്നാൽ ഈ സ്റ്റേറ്റുമെൻറിൽനിന്നു് അതു മനസ്സിലാക്കണമെങ്കിൽ ഒരു മാത്തമാറ്റിക്സ് കാൽക്കുലേഷൻ കഴിച്ചിട്ടുവേണം. അതുകൊണ്ടാണു് നോക്കിയാൽ കാര്യം മനസ്സിലാകാത്തതു് എന്നു ഉദ്ദേശത്തോടുകൂടി അങ്ങിനെ തയ്യാറാക്കാൻ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടായിരുന്നുവോ എന്നു ചോദിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അങ്ങിനെ ദുരുദ്ദേശമൊന്നും വെച്ചുകൊണ്ടല്ല ഈ സ്റ്റേറ്റുമെൻറ് തയ്യാറാക്കിയിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇവിടെ ൯൦ ആളുകൾക്കു് അലവൻസിനായി വലിയൊരു സംഖ്യ കൊടുക്കുന്നുണ്ടെന്നു കാണുന്നു. ഇങ്ങിനെ ഈ ൯൦ ഭാഗ്യവാന്മാർക്കു ഈ സംഖ്യ കൊടുക്കുന്നതു് എന്തുകാരണം കൊണ്ടാണു്; ഇങ്ങിനെ കൊടുക്കുന്നതു സപ്ലീസ് റഗുലേഷനു വിപരീതമായ നടപടിയല്ലെ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: സപ്ലീസ്സ്രൂൾ എന്താണു്? ഞാൻ വേറെ തരത്തിൽ ചോദിക്കാം. സ്റ്റാൻഡിംഗ് ഓർഡറിൽ ഉള്ള പ്രൊവിഷനെന്താണു്?

റാവുസാഹിബ്ബു് എ. മാധവപ്രഭു: ഒരാഫീസ്സിൽ താല്ക്കാലികമായി എന്തെങ്കിലും പണി കൂടുതലായി ചെയ്യേണ്ടിവന്നാൽ ആ പണി സ്വന്തം പണിക്കു പുറമെ ചെയ്യേണ്ടി വരുന്ന ഉദ്യോഗസ്ഥനു് എന്തെങ്കിലും പ്രതിഫലം കൊടുക്കണമെന്നുവെച്ചാണു് ഈ തരം അലവൻസുകൾ കൊടുക്കുന്നതു്. അങ്ങിനെ മേടിക്കുന്നതിന്നിടയാകുന്നവരെ ഭാഗ്യവാന്മാരെന്നു പറഞ്ഞതു ശരിയല്ല. വാസ്തവത്തിൽ അവർ നിർഭാഗ്യവാന്മാരാണു്. രാത്രിയും പകലുംകൂടി അവർ പണിയെടുക്കുന്നുണ്ടു്. അതിനു കൂടുതൽ കിട്ടുന്നതു വളരെ നിസ്സാരമായ സംഖ്യയാണു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഞാൻ ചോദിച്ചതിനു മറുപടി പറഞ്ഞില്ല. I want an answer to the question. ഈ സ്റ്റാൻഡിംഗ് ഓർഡറിൽ ഈ അലവൻസിനെ സംബന്ധിച്ചു നിയമം എന്താണെന്നൊന്നു പറയാമൊ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: സി. എസ്സ്. ആർ-ൽ ഡ്യൂട്ടി അലവൻസ്, പേഴ്സനൽ അലവൻസ് ഇതൊക്കെ കൊടുക്കുന്നതിനുള്ള പ്രൊവിഷനുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ചില ആളുകളെ അവരുടെ മുകളിലുണ്ടായിരുന്ന ആളുകളേക്കാൾ കൂടുതൽ ശമ്പളത്തിൽ നിയമിച്ചതുകൊണ്ടു് മറെറ ആളുകൾക്കും കൂടുതൽ ശമ്പളം കൊടുക്കേണ്ടിവന്നുവെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഒരേ ശമ്പളത്തിലിരിക്കുന്ന രണ്ടാളുകളിൽ ഒരാളെ കുറെ കഴിഞ്ഞു കൂടുതൽ ശമ്പളത്തിൽ നിയമിച്ചാൽ മറെറ ആൾക്കും കൂടുതൽ ശമ്പളം കൊടുത്തതായി കാണുന്നുണ്ടു്. അങ്ങിനെ ഒപ്പം ശമ്പളത്തിലിരുന്നവരിൽ ഒരാൾക്കു കൂടുതൽ ശമ്പളം കൊടുത്തതുകൊണ്ടു് മറെറല്ലാവർക്കും കൂടുതൽ ശമ്പളം കൊടുക്കേണ്ടിവന്നിട്ടുണ്ടു്. അങ്ങിനെ കൂടുതൽ ശമ്പളം മേടിക്കുന്നവരായി പലരുമില്ലെ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ പി. കെ. ഡീവർ: അപ്പോൾ, ഈ ആളുടെ മേൽ മറെറ ആൾ കയറിപ്പോയതുകൊണ്ടു് ഈ ആൾക്കും കൂടുതൽ ശമ്പളം കൊടുക്കേണ്ടിവന്നുവെന്നു പറയുന്നതിന്റെ കാരണമെന്താണു്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അതിനു പ്രത്യേക കാരണമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കാരണം അതിൽ ഇല്ല. എന്താണതിനു കാരണമെന്നാണു ചോദിക്കുന്നതു്.

മിസ്റ്റർ പി.എ. മുഹമ്മദ് അഷ്റഫ്: ജൂനിയേഴ്സിനെ പ്രമോട്ടുചെയ്തു് സീനിയേഴ്സിനേക്കാൾ കൂടുതൽശമ്പളം കൊടുക്കുന്നതിനാൽ, ആ ശമ്പളം സീനിയേഴ്സിനും കൊടുക്കേണ്ടിവരുന്നുണ്ടു്. അതിലും ഭേദം, ആ ജൂനിയേഴ്സിനെ കീഴ്പോട്ടിറക്കി സീനിയേഴ്സിനെതന്നെ പ്രമോട്ടുചെയ്താൽ ആ ഒരാൾക്കു മാത്രമല്ലെ കൂടുതൽ ശമ്പളംകൊടുക്കേണ്ടിവരികയുള്ളു. അങ്ങിനെ ചെയ്യരുതെ?

റാവുസാഹിബ്ബു് എ. മാധവപ്രഭു: ആരുടെ കായ്ത്തിലാണു് അങ്ങിനെ ഉണ്ടായിട്ടുള്ളതു്? ഏതാണു് അങ്ങിനെയുള്ളതെന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ൫൦൦ മുതൽ ൯൦൦ വരെയുള്ള ഗ്രേഡിലുണ്ടായിരുന്ന മി.ടി.ഐ.ചുമ്മാരുടെ ജൂനിയറായിരുന്ന മിസ്റ്റർ മാധവപണിക്കരെ ൯൦൦ മുതൽ ൧൪൦൦ വരെയുള്ള ഗ്രേഡിൽ വെച്ചതുകൊണ്ടു് ആ ൯൦൦ മുതൽ ൧൪൦൦ വരെയുള്ള ഗ്രേഡ് മിസ്റ്റർ ചുമ്മാക്കു പേഴ്സനൽ ഗ്രേഡ് എന്ന നിലയിൽ കൊടുക്കേണ്ടിവന്നിട്ടില്ലെ? ഇങ്ങിനെ പലതുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എ. മാധവപ്രഭ: ഒരോ Instance-നും പ്രത്യേകം പ്രത്യേകം കാരണമുണ്ടാകും. അതേതെല്ലാമെന്ന് ഒന്നായി ചോദിച്ചാൽ പറയണമെങ്കിൽ നോട്ടീസു വേണം.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ ഇവിടെ പറഞ്ഞ ഈ ഒരു കാര്യത്തിനുള്ള പ്രത്യേക കാരണമെന്താണെന്ന പറഞ്ഞാൽ കൊള്ളാം.

റാവുസാഹിബ്ബ് എ. മാധവപ്രഭ: നോട്ടീസ് വേണമെന്ന ഞാൻ ആദ്യമേ പറഞ്ഞുവല്ലൊ.

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ ചുമ്മാരുടെ ജൂനിയറായ മാധവപ്പണിക്കരെ ൩൦൦—൪൦൦ ഗ്രേഡിൽ വെച്ചതെന്നാണെന്ന പറയാമൊ? മിസ്റ്റർ മാധവപണിക്കക്ക് ൩൦൦—൪൦൦ ഗ്രേഡ് കൊടുത്തതുകൊണ്ട് ആ ഗ്രേഡ് മിസ്റ്റർ ചുമ്മാക്ക് കൊടുത്തുവെന്ന പറഞ്ഞു. അങ്ങിനെ മിസ്റ്റർ ചുമ്മാരെ ൩൦൦—൪൦൦ ഗ്രേഡിൽ വെച്ചതെന്നാണെന്ന പറയാമൊ? അവക്ക് രണ്ടാൾക്കും ഈ ഒരേ ഗ്രേഡ് കൊടുത്തതിൽ എത്ര ദിവസത്തെ വ്യത്യാസമുണ്ട്?

റാവുസാഹിബ്ബ് എ. മാധവപ്രഭ: നോട്ടീസ് വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചുവട്ടിലുള്ള ആളെ മുകളിലേയ്ക്ക് വെച്ചപ്പോൾ, ചുവട്ടിലുള്ള ആളുടെ മനോവേദനയെ പരിഹരിക്കാനായി ആ ആൾക്കും കൂടുതൽ ശമ്പളം കൊടുത്തുവെന്ന പറഞ്ഞു. അദ്ദേഹത്തെ ഏതുദ്യോഗത്തിലാണ വെച്ചത്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: റിസ്ട്രക്ഷൻ സൂപ്രണ്ടായി വെച്ചു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഒന്നിലധികം അലവൻസുകൾ മേടിക്കുന്ന എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്ന പറയാമൊ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അതു് ഏതു് Item ആണെന്ന പറഞ്ഞാൽ മറുപടി പറയാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചുവട്ടിലുണ്ടായിരുന്ന ആൾക്ക മുകളിലുണ്ടായിരുന്ന ആളേക്കാൾ കൂടുതൽ ശമ്പളം കൊടുത്തതുകൊണ്ട് മുകളിലുണ്ടായിരുന്ന ആൾക്കും ആ സംഖ്യ കൊടുത്തുവെന്ന പറഞ്ഞു. എന്തു കാരണത്താലാണ് ജൂനിയറെ സീനിയറേക്കാൾ കൂടുതൽ ശമ്പളത്തിൽ നിയമിച്ച് ഇങ്ങിനെ ഇരട്ടി നഷ്ടം വരുത്തുന്നതിന്നിടയാക്കിയതെന്ന പറയാമൊ?

Mr. President: Please don't be argumentative.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മിസ്റ്റർ ചുമ്മാരുടെ സീനിയോറിറ്റി അവഗണിച്ചു മിസ്റ്റർ മാധവപണിക്കരെ നിയമിക്കുന്നതിന്ന പകരം ആ സ്ഥാനത്തേയ്ക്ക സീനിയറായ മിസ്റ്റർ ചുമ്മാരെ തന്നെ നിയമിച്ചാൽ പോരായിരുന്നോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്തിനാണിതുപറയാൻ നോട്ടീസ്? I express my helplessness. complete. സർ, ഇവിടെ പേർസനൽ അലവൻസ്, ഡ്യൂട്ടി അലവൻസ് എന്നും മറ്റും പറഞ്ഞു കൊടുക്കുന്ന ഈ അലവൻസുകൾ സ്റ്റാൻഡിംഗ് ഓർഡറിന്ന വിപരീതമായിട്ടല്ലെ കൊടുക്കുന്നതു്? Either directly, expressly or by implication a man who enters, who cares to enter service, as far as his emoluments are concerned will be bound by the fixed pay, if it is fixed pay, or grade pay, if it is grade pay of the post fixed by Government from time to time. I emphasise from time to time.

Mr. President: Even answers can be shorter than they are. There are several members anxious to ask supplementary questions.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: And so?

Mr. President: The Hon'ble Member will have his turn again.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I am obliged, Sir.

Mr. President: No argument.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I will put my question in my own way.

Mr. President: If the Hon'ble Member says that he will put his question in his own way, all his own ways will not be allowed.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I will at once respect it in spite of my protest. I know how to adjust.

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: The reasons why he was not posted can be gathered only if there is notice. There are 90 persons who are getting these allowances special or whatever it is. If with reference to every one of these we are to come prepared, it is impossible. We cannot assume that question will be put with reference to one particular individual. Apart from general questions it is therefore difficult for us to answer.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is he not bound to serve the State, is he not bound to accept the pay of the grade at that moment of revision, if he wants to serve, always the option being to leave it if he wants, is it not one of the standing orders in your book.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: C. S. R.-ൽ ശമ്പളം കൊടുക്കുന്നതിനു പുറമെ പേഴ്സനൽ അലവൻസ്, ഡ്യൂട്ടി അലവൻസ് മുതലായതും കൊടുക്കാൻ പ്രൊവിഷനുണ്ട്.

Mr. K. S. Panicker *(Ezhuvas-Trichur)*: I was trying my level best to put a question but unfortunately the President was not turning to this side.

Mr. President: This is not the first time that an allegation is made against the Chair that the President has not turned this side or that side. I have not partiality in giving an opportunity to any Hon'ble Member. Therefore I would request the Hon'ble Members to stand up in their seats if they want to put questions rather than saying that the President is not turning to a particular place and thus giving rise to unnecessary mis-understanding.

മിസ്റ്റർ കെ. എസ്. പണിക്കർ: സർ, ഈ പ്രമോഷൻ കൊടുക്കുന്നതിനെ സംബന്ധിച്ചു മിസ്റ്റർ ചുമ്മാരുടേയും മിസ്റ്റർ മാധവപണിക്കരുടേയും കാര്യം ഇവിടെ പറഞ്ഞു. എന്നാൽ കൊച്ചിരാജ്യത്തിൽ ഏതുദ്യോഗത്തിലും സേവനോക്കിയുള്ള പ്രമോഷനല്ലാതെ കപാളിഫിക്കേഷനോ, പ്രാപ്തിയോ നോക്കിയുള്ള പ്രമോഷനല്ലല്ലൊ കൊടുക്കാറ പതിവു്?

റാവുസാഹിബ് എ. മാധവപ്രഭു: അല്ല.

Mr. President: That is out of order. No such insinuation can be put in a question.

There are so many important subjects waiting to be considered.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Importance varies from person to person, Sir.

INDIAN NATIONAL—FLAG—STEALING OF

149. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—

(*a*) whether the Government have received representations from the Elankunnapuzha Prajamndal Committee about Indian National Flags that were stolen on the 15th night and also on the 16th night of the month of August 1947;

(*b*) if so, what action has been taken on the matter?

Rao Bahadur T. K. Nayar *(Prime Minister)*:

(*a*) Yes.

(*b*) The matter was enquired into and it was found that the spirit behind the alleged removal was only mischief. Hence further action was dropped.

മിസ്റ്റർ എം. ഐ. പോൾ: ഈ അന്വേഷണം നടത്തിയതാരാണു്?

റാവുബഹദൂർ ടി. കെ. നായർ: പോലീസ്.

മിസ്റ്റർ വി. ആർ. കൃഷ്ണയ്യർ: Mischief-നെകുറിച്ചു് അന്വേഷണം നടത്തേണ്ട എന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷണത്തിൽ ആളെ കണ്ടു പിടിക്കാനുള്ള വിഷമത്തിനു പുറമെ അത്ര വലിയൊരു ഗൌരവം ഈ കാര്യത്തിലുണ്ടെന്നും തോന്നിയില്ല. പ്രത്യേകം ഒരു ഉദ്ദേശം വെച്ചുകൊണ്ടാണ അങ്ങിനെ എടുത്തുകൊണ്ടുപോയതെങ്കിൽ അതിനെകുറിച്ചു കൂടുതൽ അന്വേഷിച്ചു് ആളെ കണ്ടുപിടിക്കേണ്ടതു് അത്യാവശ്യമാണു്. ഇതിൽ അങ്ങിനെയുണ്ടെന്നു തോന്നിയില്ല. ആരൊ ഒരു തമാശയ്ക്കു എടുത്തുകൊണ്ടുപോയി എന്നു മാത്രമേ കരുതാനുള്ളൂ.

മിസ്റ്റർ എം. ഐ. പോൾ: അന്വേഷണം നടത്തി എന്നു പറഞ്ഞുവല്ലൊ. വല്ലവരുടേയും സ്റ്റേറ്റുമെൻറ് എടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly